സുപ്രഭാതം

18 July 2021

# സി.എം.എഫ്.ആർ.ഐക്ക് നാല് പുരസ്കാരങ്ങൾ

കൊച്ചി: കാർഷിക കർഷകക്ഷേമ മന്ത്രാലയത്തിന്റെ കീഴിലുള്ള ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിലിന്റെ (ഐ.സി.എ.ആർ) 93 മത് സ്ഥാപകദിനത്തോടനുബന്ധിച്ച് വിതരണം ചെയ്ത പുരസ്കാരങ്ങളിൽ നാലെണ്ണം കൊച്ചിയിലെ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന് (സി.എം.എഫ്.ആർ.ഐ) ലഭിച്ചു.

കടൽപായലിൽ നിന്നും പ്രമേഹമുൾപ്പെടെയുള്ള വിവിധ ജീവിതശൈലീ രോഗങ്ങൾക്കുള്ള ഉൽപന്നങ്ങൾ വികസിപ്പിച്ചതിന് സി.എം.എഫ്.ആർ.ഐ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. കാജൽ ചക്രവർത്തിക്കും മികച്ച ഡോക്ടറൽ പ്രബന്ധത്തിന് നൽകുന്ന ജവഹർലാൽ നെഹ്റു പുരസ്കാരം ഇവിടെ ഗവേഷക വിദ്യാർഥിയായ ഡോ. ഫസീന മക്കാറിനും ലഭിച്ചു. കൂടാതെ, ഔദ്യോഗിക ഭാഷാനയം മികവോടെ നടപ്പിലാക്കിയതിനുള്ള രാജർഷി ടാൻഡൻ രാജ്ഭാഷ പുരസ്കാരവും മികച്ച ഹിന്ദി മാഗസിനുള്ള ഗണേഷ ശങ്കർ വിദ്യാർഥി പുരസ്കാരവും സി.എം.എഫ്.ആർ.ഐ നേടി. ഓൺലൈനായി സംഘടിപ്പിച്ച ചടങ്ങിൽ കേന്ദ്ര കൃഷിമന്ത്രി നരേന്ദ്രസിങ് തോമർ പുരസ്കാരങ്ങൾ വിതരണം ചെയ്തു. കേന്ദ്ര മന്ത്രിമാരായ പർശോത്തം രൂപാല, അശ്വിനി വൈഷ്ണവ്, കൈലാസ് ചൗധരി, ശോഭ കരന്ദ്ലജെ എന്നിവർക്കൊപ്പം കാർഷികമന്ത്രാലയത്തിലെയും ഐ.സി.ഐ.ആറിലെയും മുതിർന്ന ഉദ്യോഗസ്ഥരും പുരസ്കാരസമ്മാന ചടങ്ങിൽ സംബന്ധിച്ചു.